**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6707** **11-11-2021 - ൽ മറുപടിയ്ക്ക്**

**റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഏജന്റുമാരുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഏജന്റുമാരുടെ പ്രവർത്തനം തടയാൻ നടപടി സ്വീകരിക്കുമോ; ഓഫീസിന്റെ പ്രവർത്തനം സുതാര്യമാക്കുവാൻ ഏജന്റുമാരെ ഒഴിവാക്കണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഏജന്റുമാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി നിരവധി സർക്കുലറുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഓഫീസുകളിലെ ഏജന്റുമാരുടെ അനാവശ്യ ഇടപെടലുകൾ തടയുന്നതിനും കൗണ്ടറുകളുടെ സുഗമമായ പ്രവർത്തനം നടത്തുന്നതിനുമായി 16/2013, 24/2015 എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ആർ.ടി.ഓഫീസുകളിലും സബ് ആർ.ടി.ഓഫീസുകളിലും ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് 1218176/സി1/17/ഗതാഗതം നമ്പർ പരിപത്രം മുഖേന സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഉടമസ്ഥൻ നൽകിയ ഓതറൈസേഷൻ ലെറ്റർ ഹാജരാക്കുന്ന ഏജന്റുമാർക്ക് ലൈസൻസും മറ്റു രേഖകളും നേരിട്ട് നൽകാമെന്ന് 19/04/2017 തീയതിയിലെ എ5/9/2017-റ്റിസി നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു.ഹൈക്കോടതി-യുടെ WP(C)No.11683/2017-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ മേൽ ഓതറൈസേഷൻ ലെറ്ററുകൾ കൃത്യതയുള്ളത് തന്നെയായിരിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥർക്കും വീണ്ടും നൽകിയിട്ടുണ്ട്. അപേക്ഷകളിലും പ്രിന്റഡ് ഫോമുകളിലും ഡ്രൈവിംഗ് സ്കൂളുകളുടെ സീലും മറ്റും പതിപ്പിച്ചിരിക്കുന്നത് അവരെ തിരിച്ചറിയുന്നതിന് ഉദ്യോഗസ്ഥർക്ക് സഹായകമാകുന്നതിനാൽ ആയത് നിരുത്സാഹപ്പെടുത്തുവാൻ 07/03/2020 തീയതിയിലെ ജി5/ഇ-127854/2020/റ്റിസി നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മദ്ധ്യവർത്തികളെ പൂർണ്ണമായും ഒഴിവാക്കുന്നതിനായി മോട്ടോർവാഹന വകുപ്പിൽ നിന്നുള്ള പരമാവധി സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | ഓൺലൈനായി നൽകുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ